പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: 216 **28-10-2026-ൽ മറുപടിയ്ക്ക്**

മത്സ്യബന്ധന മേഖല

ചോദ്യം ഉന്നയിച്ച അംഗങ്ങൾ

ശ്രീ. പി. പി. സുമോദ്

ശ്രീ. സജി ചെറിയാൻ

ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി

ശ്രീ. പി. കെ. പ്രവീൺ

മറുപടി നൽകിയ മന്ത്രി

ശ്രീ. വി. ഇ. അബ്ദുൽ ഗഫൂർ
(മത്സ്യബന്ധനം - സാമൂഹ്യനീതി വകുപ്പ് മന്ത്രി)

(എ) മണ്ണെണ്ണ എഞ്ചിനുകൾക്ക് പകരം എൽ.പി.ജി. ഉപയോഗിച്ച് പ്രവർത്തിപ്പിക്കുന്നതിനുള്ള കിറ്റുകൾ സബ്സിഡിയോടെ നൽകുന്ന മുൻ സർക്കാരിന്റെ പദ്ധതിയുടെ നിലവിലെ പുരോഗതി എന്താണെന്ന് വിശദമാക്കാമോ;

മറുപടി: മത്സ്യത്തൊഴിലാളികൾ നിലവിൽ മണ്ണെണ്ണ ഇന്ധനമായി ഉപയോഗിക്കുന്ന ഔട്ട്ബോർഡ് മോട്ടോറുകൾ (OBMs) എൽ.പി.ജി. ഇന്ധനത്തിലേക്ക് പരിവർത്തനം ചെയ്യുന്ന പദ്ധതിക്ക് 355 ലക്ഷം രൂപ വകയിരുത്തിയിരുന്നു. പദ്ധതിപ്രകാരം എൽ.പി.ജി. കിറ്റ്, രണ്ട് ഗ്യാസ് സിലിണ്ടറുകൾ, സെക്യൂരിറ്റി ഡെപ്പോസിറ്റ് എന്നിവയ്ക്കുള്ള ചെലവിന്റെ 75% സർക്കാർ സബ്സിഡിയായും 25% ഗുണഭോക്തൃ വിഹിതമായും നിശ്ചയിച്ചിരുന്നു. എന്നാൽ എൽ.പി.ജി കിറ്റുകൾ ഉപയോഗിക്കുന്നതിന് വേണ്ടിയുള്ള Standard Operating Procedure (SOP) 2024-ൽ പുറത്തു വരുകയും, ആയത് റിവൈസ് ചെയ്ത് ലഭ്യമായതു പ്രകാരം ICAT/ IRS എന്ന സ്ഥാപനങ്ങളുടെ സർട്ടിഫിക്കറ്റ് എൽ.പി.ജി കിറ്റുകൾക്ക് ആവശ്യമായിട്ടുണ്ട്. ഈ SOP യുടെ അടിസ്ഥാനത്തിൽ മത്സ്യഫെഡ് പ്രാരംഭ ഘട്ടമെന്ന നിലയിൽ ടെൻഡർ നടപടികൾ സ്വീകരിക്കുകയും ചെയ്തിരുന്നു.

2025-26 സാമ്പത്തിക വർഷത്തെ പ്രധാനമന്ത്രി മത്സ്യ സമ്പദ യോജന (PMMSY) പദ്ധതിയിൽ ഉൾപ്പെടുത്തി സംസ്ഥാനത്തെ 9 തീരദേശ ജില്ലകളിലെ മത്സ്യത്തൊഴിലാളികൾ ഉപയോഗിക്കുന്ന മണ്ണെണ്ണ ഇന്ധനത്തിൽ പ്രവർത്തിക്കുന്ന ഔട്ട് ബോർഡ് മോട്ടോറുകൾ (OBM) LPG/സോളാർ അധിഷ്ഠിത ഔട്ട് ബോർഡ് മോട്ടോറുകളാക്കി പരിവർത്തനം ചെയ്യുന്നതിനായി 134.085 കോടി രൂപയുടെ പദ്ധതി പ്രൊപോസൽ ഫിഷറീസ് ഡയറക്ടർ സമർപ്പിച്ചിരുന്നു. ഒരു വർഷം കൊണ്ട് 35,000 ഔട്ട് ബോർഡ് മോട്ടോറുകൾ പരിവർത്തനം ചെയ്യുന്നതിനാണ് പദ്ധതി ലക്ഷ്യമിടുന്നത്. ഒരു യൂണിറ്റിന് 35,000 രൂപയാണ് ചെലവ് കണക്കാക്കിയിട്ടുള്ളത്. പദ്ധതിയുടെ ആകെ അടങ്കൽ തുകയായ 134.085 കോടി രൂപയിൽ 60.585 കോടി രൂപ സർക്കാർ വിഹിതവും 73.50 കോടി രൂപ ഗുണഭോക്തൃ വിഹിതവുമാണ്. സർക്കാർ വിഹിതത്തിൽ 36.351 കോടി രൂപ കേന്ദ്ര വിഹിതവും 24.234 കോടി രൂപ സംസ്ഥാന വിഹിതവുമാണ്. അടിസ്ഥാന സൗകര്യ വികസനത്തിനും ബോധവൽക്കരണ പ്രവർത്തനങ്ങൾക്കുമായി 11.585 കോടി രൂപയും പദ്ധതിയിൽ വകയിരുത്തിയിട്ടുണ്ട്. പ്രസ്തുത പദ്ധതി നിർദ്ദേശം 04.08.2025-ന് ചേർന്ന സംസ്ഥാനതല സ്റ്റേറ്റ് ലെവൽ അപ്രൂവൽ ആന്റ് മോണിറ്ററിംഗ് കമ്മിറ്റി (SLAMC) യോഗത്തിൽ പരിഗണിക്കുകയും, യോഗത്തിന്റെ നടപടിക്കുറിപ്പ് സഹിതം PMMSY

2025-26 പദ്ധതിയിൽ ഉൾപ്പെടുത്തി അംഗീകാരവും ധനസഹായവും ലഭ്യമാക്കുന്നതിനായി കേന്ദ്ര സർക്കാരിന് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്.

2026-27 സാമ്പത്തിക വർഷത്തിൽ മത്സ്യബന്ധന യാനങ്ങളിൽ മണ്ണെണ്ണ ഇന്ധനമായി ഉപയോഗിക്കുന്ന ഔട്ട്ബോർഡ് എൻജിനുകൾ പെട്രോൾ, എൽ.പി.ജി. ഇന്ധനങ്ങളിലേക്ക് പരിവർത്തനം ചെയ്യുന്നതിനുള്ള പദ്ധതിക്ക് 1,95,66,650/- രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ഇതിൽ 99,99,987.50 രൂപ സംസ്ഥാന സർക്കാർ വിഹിതവും 95,66,662.50 രൂപ ഗുണഭോക്തൃ വിഹിതവുമാണ്. പദ്ധതിയുടെ ഒന്നാം ഘട്ടമായി 187 മണ്ണെണ്ണ ഔട്ട്ബോർഡ് എൻജിനുകൾ പെട്രോൾ എൻജിനുകളാക്കി മാറ്റുന്നതിനാണ് ലക്ഷ്യമിടുന്നത്. ഇതിനായി ഒരു ഗുണഭോക്താവിന് 25,000/- രൂപ വീതം രണ്ട് ഗഡുക്കളിലായി ആകെ 50,000/- രൂപ സബ്സിഡി അനുവദിക്കുന്നതിന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഈ ഘടകത്തിന്റെ ആകെ പദ്ധതിച്ചെലവ് 187 ലക്ഷം രൂപയാണ്. ഇതിൽ 93.50 ലക്ഷം രൂപ സർക്കാർ സബ്സിഡിയും 93.50 ലക്ഷം രൂപ ഗുണഭോക്തൃ വിഹിതവുമാണ്. രണ്ടാം ഘട്ടമായി 25 മണ്ണെണ്ണ ഔട്ട്ബോർഡ് എൻജിനുകൾ എൽ.പി.ജി. ഇന്ധനത്തിലേക്ക് പരിവർത്തനം ചെയ്യുന്നതിനാണ് ലക്ഷ്യമിടുന്നത്.

(ബി) മരത്തടിയിൽ നിർമ്മിച്ച പരമ്പരാഗത യാനങ്ങളെ സ്റ്റീൽ നിർമ്മിതമായ യന്ത്രവൽകൃത യാനങ്ങളാക്കി നവീകരിക്കുന്നതിനായി മുൻ സർക്കാർ അനുവദിച്ച 50% സബ്സിഡി പുതിയ അപേക്ഷകർക്കും നൽകാൻ തയ്യാറാകുമോ;

<u>മറുപടി:</u> മത്സ്യബന്ധന യാനങ്ങളുടെ ആധുനികവത്കരണത്തിനായി 2023-24 സാമ്പത്തിക വർഷത്തിൽ സർക്കാർ ബജറ്റിൽ 10 കോടി രൂപ വകയിരുത്തിയിരുന്നു. ഇതിന്റെ ഭാഗമായി, 'Modernization of Fishing Fleet' എന്ന പദ്ധതിക്ക് 936 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിരുന്നു. 40 അടിയിൽ താഴെ മൊത്തം നീളവും 200 HP-യിൽ താഴെ പ്രൊപ്പൽഷൻ ശേഷിയുമുള്ള, തടികൊണ്ടുള്ള ഹൾ ഉള്ള പരമ്പരാഗത മത്സ്യബന്ധന യാനങ്ങളെ സ്റ്റീൽ ഹൾ ഉള്ള യന്ത്രവൽകൃത മത്സ്യബന്ധന യാനങ്ങളാക്കി നവീകരിക്കുന്നതിനാണ് പദ്ധതി നടപ്പാക്കിയത്. സ്വന്തം നിലയിൽ യാനങ്ങൾ മാറ്റിസ്ഥാപിക്കാനോ നവീകരിക്കാനോ സാമ്പത്തികമായി കഴിയാത്ത, ഉപജീവനത്തിനായി തടി നിർമ്മിത യാനങ്ങളെ ആശ്രയിക്കുന്ന സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന മത്സ്യത്തൊഴിലാളികൾക്ക് ഈ പദ്ധതി പ്രയോജനപ്രദമായി. പദ്ധതിപ്രകാരം, നവീകരണച്ചെലവിന്റെ 50% സർക്കാർ സബ്സിഡിയായും ബാക്കി 50% ഗുണഭോക്തൃ വിഹിതമായും നിശ്ചയിച്ചു. ഒരു യൂണിറ്റിന് പരമാവധി 15.00 ലക്ഷം രൂപ വരെ സബ്സിഡി അനുവദിക്കുന്ന വ്യവസ്ഥയിൽ, 23 പരമ്പരാഗത മത്സ്യബന്ധന യാനങ്ങളെ സ്റ്റീൽ നിർമ്മിത യന്ത്രവൽകൃത മത്സ്യബന്ധന യാനങ്ങളായി നവീകരിച്ചു. കൂടാതെ, യന്ത്രവൽകൃത മത്സ്യബന്ധന യാനങ്ങളിൽ ശുദ്ധജല ടാങ്കുകൾ സ്ഥാപിക്കുന്നതിനുള്ള പദ്ധതിയും നടപ്പിലാക്കി. ഈ പദ്ധതിപ്രകാരം, ടാങ്ക് സ്ഥാപിക്കുന്നതിനുള്ള ചെലവിന്റെ 50% സബ്സിഡിയായി, ഒരു യൂണിറ്റിന് പരമാവധി 8,000 രൂപ വരെ അനുവദിച്ചു. മത്സ്യബന്ധനത്തിലേർപ്പെട്ടിരിക്കുന്ന മത്സ്യത്തൊഴിലാളികളുടെ സുരക്ഷ ഉറപ്പാക്കുന്നതിനും യാനങ്ങളിൽ ശുദ്ധജല ലഭ്യത ഉറപ്പുവരുത്തുന്നതിനും ലക്ഷ്യമിട്ടാണ് ഈ പദ്ധതികൾ നടപ്പിലാക്കിയത്. 2026-27 സാമ്പത്തിക വർഷത്തിൽ മത്സ്യബന്ധന യാനങ്ങളുടെ ആധുനികവത്കരണത്തിന്റെ ഭാഗമായി, തടിയിൽ നിർമ്മിച്ച മത്സ്യബന്ധന യാനങ്ങളെ സ്റ്റീൽ ഹൾ യാനങ്ങളാക്കി മാറ്റുന്നതിനും മത്സ്യബന്ധന യാനങ്ങളിൽ ശുദ്ധജല സംഭരണ ടാങ്കുകൾ സ്ഥാപിക്കുന്നതിനുമുള്ള പദ്ധതിക്ക് അടങ്കൽ തുക 199 ലക്ഷം രൂപക്ക് ഭരണാനുമതി നൽകിയിരുന്നു. പദ്ധതിയുടെ ഭാഗമായി 6 തടിനിർമ്മിത മത്സ്യബന്ധന യാനങ്ങളെ സ്റ്റീൽ ഹൾ യാനങ്ങളാക്കി മാറ്റുന്നതിന് ഒരു യൂണിറ്റിന് 30 ലക്ഷം രൂപ നിരക്കിൽ ആകെ 180 ലക്ഷം രൂപയാണ് പദ്ധതിച്ചെലവ് കണക്കാക്കിയിട്ടുള്ളത്. ഇതിൽ 90 ലക്ഷം രൂപ സംസ്ഥാന സർക്കാർ വിഹിതവും 90 ലക്ഷം രൂപ

ഗുണഭോക്തൃ വിഹിതവുമാണ്. കൂടാതെ, മത്സ്യബന്ധന യാനങ്ങളിൽ 500 ലിറ്റർ വീതം ശേഷിയുള്ള രണ്ട് ശുദ്ധജല സംഭരണ ടാങ്കുകൾ സ്ഥാപിക്കുന്നതിന് 180 യൂണിറ്റുകളിലായി ആകെ 18 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. ഒരു യൂണിറ്റിന് 10,000/- രൂപയാണ് ചെലവ് കണക്കാക്കിയിട്ടുള്ളത്. ഇതിൽ 9 ലക്ഷം രൂപ സംസ്ഥാന സർക്കാർ വിഹിതവും 9 ലക്ഷം രൂപ ഗുണഭോക്തൃ വിഹിതവുമാണ്. ഇപ്രകാരം രണ്ട് ഘടകങ്ങൾക്കുമായി ആകെ 198 ലക്ഷം രൂപ പദ്ധതിച്ചെലവ് കണക്കാക്കിയിട്ടുള്ളതിൽ 99 ലക്ഷം രൂപ സംസ്ഥാന സർക്കാർ വിഹിതവും 99 ലക്ഷം രൂപ ഗുണഭോക്തൃ വിഹിതവുമാണ്. പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

(സി) കടലിൽ കൃത്രിമപ്പാരുകൾ നിക്ഷേപിക്കുന്ന 13.02 കോടി രൂപയുടെ പദ്ധതി തിരുവനന്തപുരം ഒഴികെയുള്ള മറ്റ് ജില്ലകളിലേക്ക് വ്യാപിപ്പിക്കുന്നതിനുള്ള തുടർ നടപടികളുടെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ;

<u>മറുപടി:</u> കേന്ദ്ര സംസ്ഥാന പദ്ധതിയായ പ്രധാനമന്ത്രി മത്സ്യ സമ്പദ യോജന (PMMSY) പദ്ധതിയിൽ ഉൾപ്പെടുത്തി 13.02 കോടി രൂപ അടങ്കൽ തുകയിൽ തിരുവനന്തപുരം ജില്ലയിലെ 42 മത്സ്യഗ്രാമങ്ങളിൽ 6300 കൃത്രിമപാരുകൾ നിക്ഷേപിച്ചു. തുടർന്ന് ഇതേ സ്കീമിൽ "സംയോജിത ആധുനിക തീരദേശ മത്സ്യഗ്രാമം" എന്ന പദ്ധതിയിൽ ഉൾപ്പെടുത്തി ആലപ്പുഴ, എറണാകുളം, തൃശ്ശൂർ, കോഴിക്കോട്, കണ്ണൂർ, കാസർഗോഡ് എന്നീ ജില്ലകളിലെ തെരഞ്ഞെടുത്ത മത്സ്യഗ്രാമങ്ങളിൽ 1200 കൃത്രിമപാരുകൾ നിക്ഷേപിച്ചിട്ടുണ്ട്. ഇതുകൂടാതെ രണ്ടാംഘട്ടം എന്ന നിലയിൽ കൊല്ലം, ആലപ്പുഴ, എറണാകുളം, തൃശ്ശൂർ ജില്ലകളിലെ മത്സ്യഗ്രാമങ്ങളിൽ കൃത്രിമപാരുകൾ സ്ഥാപിക്കുന്നതിനായി 29.76 കോടി രൂപയുടെ പദ്ധതി റിപ്പോർട്ടും മൂന്നാംഘട്ടം എന്ന നിലയിൽ മലപ്പുറം, കോഴിക്കോട്, കണ്ണൂർ, കാസർഗോഡ് ജില്ലകളിലെ മത്സ്യ ഗ്രാമങ്ങളിൽ കൃത്രിമപാര് സ്ഥാപിക്കുന്നതിനായി 25.82 കോടി രൂപയുടെ പദ്ധതി റിപ്പോർട്ടും സ്റ്റേറ്റ് ലെവൽ അപ്രൂവൽ ആന്റ് മോണിറ്ററിംഗ് കമ്മിറ്റി (SLAMC) അംഗീകരിച്ച് കേന്ദ്രസർക്കാരിൽ സമർപ്പിച്ചിട്ടുണ്ട്. ഭരണാനുമതി ലഭ്യമായിട്ടില്ല.

(ഡി) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം മത്സ്യബന്ധന മേഖലയ്ക്ക് യാതൊരു പരിഗണനയും ലഭിക്കുന്നില്ലെന്നുള്ള ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ?

<u>മറുപടി:</u> ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം മത്സ്യബന്ധന മേഖലയ്ക്ക് യാതൊരു പരിഗണനയും ലഭിക്കുന്നില്ലെന്നുള്ള ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എന്നാൽ ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം നടപ്പിലാക്കുന്ന വിവിധങ്ങളായ പദ്ധതികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

കടൽ മത്സ്യവിഭവങ്ങളുടെ സംരക്ഷണത്തിനും പരിപാലനത്തിനുമായി കൺസർവേഷൻ ആന്റ് മാനേജ്മെന്റ് ഓഫ് മറൈൻ ഫിഷറീസ് എന്ന 6 കോടി രൂപയുടെ ഒരു പദ്ധതി അംഗീകരിച്ച് ഉത്തരവാകുകയും ആയത് മത്സ്യമേഖലയിൽ നടപ്പിലാക്കി വരുകയുമാണ്.

മത്സ്യത്തൊഴിലാളികൾക്ക് അവർ പിടിച്ചുകൊണ്ടുവരുന്ന മത്സ്യം കേടുകൂടാതെ സൂക്ഷിക്കുന്നതിന് സഹായകമായ ഇൻസുലേറ്റഡ് ഫിഷ് ബോക്സുകളും, മത്സ്യത്തൊഴിലാളികൾ വാങ്ങുന്ന വലയ്ക്കും എഞ്ചിനും സബ്സിഡി നൽകുന്നതിന് സഹായകവുമായ മോട്ടോറൈസേഷൻ ഓഫ് കൺവെൻഷണൽ ക്രാഫ്റ്റ്സ് ആന്റ് സ്യൂട്ടബിൾ കംപോണന്റ്സ് ഓഫ് ഫിഷിംഗ് ഗിയർ എന്ന 120 ലക്ഷം രൂപയുടെ ഒരു പദ്ധതി മത്സ്യമേഖലയിൽ നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കടലിൽ കാണാതാകുന്ന മത്സ്യത്തൊഴിലാളികളെ കണ്ടെത്തുന്നതിനും അപകടത്തിൽ പ്പെടുന്നവരെ രക്ഷപ്പെടുത്തുന്നതിന് കൃത്യമായ ഏകോപനത്തോടെ സജ്ജീകരണം ഒരുക്കുന്നതിനുവേണ്ടി ഒരു

Standard Operating Procedure (SOP) രൂപീകരിക്കാൻ സർക്കാർ ഫിഷറീസ് ഡയറക്ടർക്ക് നിർദ്ദേശം നൽകിയതിന്റെ അടിസ്ഥാനത്തിൽ, മത്സ്യത്തൊഴിലാളികൾക്ക് കടലിൽ വെച്ച് അപകടങ്ങൾ ഉണ്ടാകുമ്പോൾ അവരെ വളരെ വേഗം രക്ഷപ്പെടുത്തുന്നതിന് സ്വീകരിക്കേണ്ട നടപടികൾ സംബന്ധിച്ച് ഒരു SOPയുടെ കരട് തയ്യാറാക്കി സ്റ്റേക്ക് ഹോൾഡേഴ്സുമായി പ്രാഥമിക ചർച്ച നടത്തി, അവരുടെ നിർദ്ദേശ പ്രകാരമുള്ള മാറ്റങ്ങൾ വരുത്തി സർക്കാരിൽ ലഭ്യമാക്കിയിട്ടുണ്ട്. ആയത് ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലാണ്.

കൂടാതെ ഇരുദിശകളിലേയ്ക്കും സന്ദേശം വിനിമയം സാധ്യമാകുന്നതും, കാലാവസ്ഥാ മുന്നറിയിപ്പുകളും, അപകട മുന്നറിയിപ്പുകളും മത്സ്യത്തൊഴിലാളികളിലെത്തിക്കുന്നതിന് സഹായകമായ ട്രാൻസ്പോണ്ടറുകൾ 100 ശതമാനം സബ്സിഡിയോടെ മത്സ്യബന്ധന യാനങ്ങളിൽ ഘടിപ്പിക്കുന്ന പദ്ധതി നടപ്പിലാക്കിവരുന്നു. നാളിതുവരെ 6712 മോട്ടോറൈസ്ഡ് മത്സ്യബന്ധന യാനങ്ങളിലും, 2696 മോട്ടോറൈസ്ഡ് മെക്കനൈസ്ഡ് മത്സ്യബന്ധന യാനങ്ങളിലും ട്രാൻസ്പോണ്ടറുകൾ ഘടിപ്പിച്ചിട്ടുണ്ട്.

മത്സ്യസമ്പത്തിന്റെ സുസ്ഥിരത ഉറപ്പാക്കുന്നതിനും സമുദ്ര ആവാസവ്യവസ്ഥ സംരക്ഷിക്കുന്നതിനുമായി നിയമവിരുദ്ധ മത്സ്യബന്ധനം, ചെറുമത്സ്യങ്ങളെ പിടിക്കുന്ന

രീതി, നിരോധിത വലകളുടെ ഉപയോഗം തുടങ്ങിയവ നിയന്ത്രിക്കുന്നതിനും നിലവിലുള്ള നിയമങ്ങളും ചട്ടങ്ങളും കർശനമായി നടപ്പിലാക്കുന്നതിനും നടപടി സ്വീകരിച്ചുവരുന്നു. ഇതിന്റെ ഭാഗമായി, ട്രോൾ വലകളിൽ കടലാമകൾ ഉൾപ്പെടെയുള്ള സമുദ്രജീവികൾ കുടുങ്ങുന്നത് ഒഴിവാക്കുന്നതിനും അവയെ സുരക്ഷിതമായി പുറത്തുകടക്കാൻ സഹായിക്കുന്നതിനുമായി 100 ശതമാനം സബ്സിഡിയോടെ ടർട്ടിൽ എക്സ്ക്ലൂഡർ ഡിവൈസ് (TED) ഘടിപ്പിക്കുന്നത് സംബന്ധിച്ച നടപടികളും സ്വീകരിച്ചുവരുന്നു. TED സംബന്ധിച്ച വ്യവസ്ഥകൾ പാലിക്കുന്നുണ്ടെന്ന് ഉറപ്പാക്കുന്നതിനും നിയമലംഘനങ്ങൾക്കെതിരെ നടപടി സ്വീകരിക്കുന്നതിനും ബന്ധപ്പെട്ട ഉദ്യോഗസ്ഥർ മുഖേന പരിശോധനകൾ നടത്തിവരുന്നു.

ഫിഷറീസ് വകുപ്പിന് 2026-27 ബജറ്റിൽ 315.11 കോടി രൂപ വകയിരുത്തിയിരുന്നു. മുൻ വർഷത്തെ തുകയായ 375.79 കോടി രൂപയിൽ നിന്നും ആയത് 60.68 കോടി രൂപ കുറവായ സാഹചര്യത്തിൽ പട്ടികജാതി, പട്ടികവർഗ വിഭാഗങ്ങൾ കഴിഞ്ഞാൽ ഏറ്റവും പിന്നോക്കാവസ്ഥയിലുള്ള മത്സ്യത്തൊഴിലാളി സമൂഹത്തിനു പദ്ധതി നിർവഹണത്തിൽ ഒരു ഫിഷറീസ് സബ് പ്ലാൻ ആവിഷ്കരിക്കുകയും 2026-27 സാമ്പത്തിക വർഷം 50 കോടി രൂപ വകയിരുത്തുകയും ചെയ്തിട്ടുണ്ട്.

ഫിഷറീസ് വകുപ്പു മുഖേന മത്സ്യത്തൊഴിലാളികൾക്കായി പ്രത്യേക ഭവന പദ്ധതി ആരംഭിക്കുന്ന കാര്യം പരിഗണനയിലാണ്. മത്സ്യത്തൊഴിലാളികൾക്കായുള്ള പുതിയ ഭവന പദ്ധതിയ്ക്കായുള്ള പ്രൊപ്പോസൽ, പദ്ധതിയുടെ കരട് മാർഗരേഖ എന്നിവ തയ്യാറാക്കി ഫിഷറീസ് ഡയറക്ടർ സമർപ്പിച്ചത് സർക്കാർ പരിശോധിച്ചു വരുന്നു.

കൂടാതെ മത്സ്യത്തൊഴിലാളികളുടെ മക്കൾക്ക് വിദ്യാഭ്യാസ ആനുകൂല്യത്തിനായും മത്സ്യത്തൊഴിലാളികൾക്കായി അടിസ്ഥാന സൗകര്യ വികസനത്തിനായും ചുവടെ ചേർക്കും പ്രകാരം പദ്ധതികൾ ആവിഷ്കരിച്ചു നടപ്പിലാക്കി വരുന്നു .

1. 7 കോടി രൂപ ചെലവിൽ VIDYATHEERAM- Education and Coaching Programme

2. 50 കോടി രൂപ ചെലവിൽ Educational Assistance for fishermen students

3. 3.98 കോടി രൂപ ചെലവിൽ THEERONNATHI പദ്ധതി

4. മത്സ്യഫെഡ് വഴി 4 കോടി രൂപ ചെലവിൽ Interest Subvention to Fishermen for Fishing Inputs and to Women for Fish Vending

5. 14.99 കോടി രൂപ ചെലവിൽ SAF വഴി വനിതാ മത്സ്യതൊഴിലാളി വികസന പദ്ധതികൾ

6. 10 കോടി രൂപ ചെലവിൽ Renovation of Fishermen Houses

7. BIF&HDF ൽ ഉൾപ്പെടുത്തി ഫിഷറീസ് സ്കൂളുകളുടെ അടിസ്ഥാന സൗകര്യ വികസനം

കൂടാതെ സമ്പാദ്യ സമാശ്വാസ പദ്ധതി, മത്സ്യതൊഴിലാളി ഗ്രൂപ്പ് ആക്സിഡന്റ് ഇൻഷുറൻസ് പദ്ധതി, മത്സ്യ ബന്ധനയാനങ്ങളുടെ ഇൻഷുറൻസ് പദ്ധതികൾ എന്നിവ ആവിഷ്കരിച്ചു നടപ്പിലാക്കി വരുന്നു.

സെക്ഷൻ ഓഫീസർ